പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .1754

16.06.2014-ൽ മറുപടിക്ക്

## കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കമോ; | (എ) | കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ വടക്കേ പുലിമുട്ട് 1515 മീറ്ററും, തെക്കെ പുലിമുട്ട് 915 മീറ്ററും പൂർത്തിയായി. വടക്കേ പുലിമുട്ടിന്റെ ബാക്കിയുള്ള 85 മീറ്റർ ഭാഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 210 മീറ്റർ നീളത്തിലുള്ള വാർഫും 480m2 വിസ്തീർണ്ണത്തിലുള്ള ലേലപ്പുരയും പൂർത്തിയായി. തുടർന്ന് 340m2 വിസ്തീർണ്ണത്തിൽ ലേലപ്പുര നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതോടൊപ്പം ഡ്രഡ്ജിംഗ്, റിക്ലമേഷൻ, റോഡും പാർക്കിംഗ് ഏരിയായും, കാന്റീനും, പ്രൊവിഷൻ സ്റ്റോറും, ചുറ്റുമതിൽ, വൈദ്യുത-ജലവിതരണ സംവിധാനങ്ങൾ എന്നിവ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത് എത്ര രൂപയ്ക്കാണ് എന്നത് വിശദമാക്കാമോ ? | (ബി) | 3545 ലക്ഷം രൂപയ്ക്കുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ഈ പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള കോമ്പ്രിഹെൻസീവ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ തീയതിയും പകർപ്പും ലഭ്യമാക്കാമോ; | (സി) | ഉണ്ട്. കേന്ദ്രത്തിൽ സമർപ്പിച്ച 6399 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ടിന് 04.03.2014 ൽ കേന്ദ്ര സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി നൽകുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിക്ക് ഈ വർഷത്തെ ബജറ്റ് വിഹിതം എത്രയെന്ന് വിശദമാക്കാമോ; അനുവദി ച്ചിട്ടുള്ള വിഹിതം പദ്ധതിയുടെ പൂർത്തീകരണത്തിന് പര്യാപ്ത മാണ് എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പദ്ധതി പൂർത്തീ കരണത്തിന് വേണ്ടതായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (ഡി) | ഈ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമാണ്. പ്രവൃത്തി പുരോഗമി ക്കുന്നതനുസരിച്ച് തുക വകയിരുത്തു ന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഹാർബർ നിർമ്മാണം എന്ന ത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ഇ) | ടി ഹാർബറിന്റെ നിർമ്മാണം 31.03.2016 ന് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | ഹാർബർ നിർമ്മാണത്തിന് നടപടികൾ ത്വരിതപ്പെടുത്തു ന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ മോണിറ്റ റിംഗ് ഏർപ്പെടുത്തുമോ ? | (എഫ്) | പരിഗണനയിലില്ല. |

Jeyasree

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്